10 (2158) യു.എൻ.ഡി.പി.യിൽ നിന്നും ലഭിച്ച പദ്ധതികൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എൻ.ഡി.പി.യിൽ നിന്ന് സംസ്ഥാന കരകൗശല വികസന കോർപ്പറേഷന് എന്തെല്ലാം വികസനപദ്ധതികൾ ലഭിച്ചു;

(ബി) അതിനുവേണ്ടി ലഭിച്ച തുക എത്രയാണ്;

(സി) ഇതിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) അതിനുവേണ്ടി എന്തു തുക ചെലവായി?

ഉത്തരം

(എ) സംസ്ഥാന കരകൗശല വികസന കോർപ്പറേഷന് തടി സംസ്ക്കരിക്കുന്നതിനായി ഒരു തടി സംസ്ക്കരണശാലയും തടി വളയ്ക്കുന്നതിനായി ഒരു "വുഡ് ബെൻഡിംഗ് പ്ലാന്റ്"-ഉം നിലവിലുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ ലഘുയന്ത്രങ്ങൾ സ്ഥാപിച്ച് നവീകരിക്കുന്നതിനുള്ള വികസനപദ്ധതികളുമാണ് യു.എൻ.ഡി.പി.യിൽനിന്ന് ലഭിച്ചിട്ടുള്ളത്.

(ബി) കേന്ദ്രകരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും ലഘുയന്ത്രങ്ങൾ വാങ്ങുന്നതിലേക്കായി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കരകൗശല വികസന കമ്മീഷണറേറ്റിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സ്ഥാപിച്ച വുഡ് സീസണിംഗ് പ്ലാന്റിനും വുഡ് ബെൻഡിംഗ് പ്ലാന്റിനുമായി സംസ്ഥാന സർക്കാർ 6 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(സി) വുഡ് സീസണിംഗ് പ്ലാന്റിലും വുഡ് ബെൻഡിംഗ് പ്ലാന്റിലും ഏപ്രിൽ 1-ാം തീയതി മുതൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) മൊത്തം 50 ലക്ഷം രൂപ മുതൽമുടക്ക് വരുന്ന പ്രസ്തുത പദ്ധതികൾക്ക് കരകൗശല വികസന കോർപ്പറേഷൻ 22 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക കേന്ദ്രകരകൗശല വികസന കമ്മീഷണറേറ്റ് നേരിട്ട് ചെലവഴിക്കുകയാണ്.

11 (2159) സംസ്ഥാനത്തുള്ള എൻ.ആർ.ഐ. വ്യവസായ സംരംഭകർ

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എൻ.ആർ.ഐ. വ്യവസായ സംരംഭകരുണ്ട്;

(ബി) ഇവർ എന്തുതുക വ്യവസായത്തിനായി മുടക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly